MONDAY

18/05/2026

തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : SINDHU. K S

Editor : Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 18/05/2026

1. ക്ഷീരവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജൂൺ 1 ലോക ക്ഷീരദിനമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് തിരുവനന്തപുരം ജില്ലയിലെ എൽ.പി, യു.പി & ഹൈസ്‌കൂൾ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. ചിത്രരചന (വാട്ടർ കളർ) മത്സരങ്ങൾ എൽ.പി, യു.പി വിഭാഗങ്ങൾക്കായും ; പെൻസിൽ ഡ്രോയിംഗ്, ഉപന്യാസരചന, ഡയറി ക്വിസ് ഹൈസ്‌കൂൾ വിഭാഗത്തിന് മാത്രമായും നടത്തുന്നതുമാണ്. എൽ.പി, യു.പി വിഭാഗങ്ങൾക്കായുള്ള ചിത്രരചന (വാട്ടർ കളർ) മത്സരം 2026 മെയ് മാസം 21ന് രാവിലെ 10 മണി മുതൽ 1 മണി വരെയും, ഹൈസ്‌കൂൾ വിഭാഗത്തിന് പെൻസിൽ ഡ്രോയിംഗ് മത്സരം അന്നേ ദിവസം ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെയും ഉണ്ടായിരിക്കുന്നതാണ്. മേയ് മാസം 22 ന് ഹൈസ്‌കൂൾ വിഭാഗത്തിന് രാവിലെ 10 മുതൽ 11 വരെ ഉപന്യാസരചന, 12 മണി മുതൽ 1 മണി വരെ ഡയറി ക്വിസ് എന്നിവയും നടത്തുന്നതായിരിക്കും. പങ്കെടുക്കാൻ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

താൽപ്പര്യമുള്ള വിദ്യാർത്ഥികൾ **2026 മെയ് മാസം 19 ന് വൈകുന്നേരം 4 മണിക്ക്** മുമ്പായി ഈ പരിശീലന കേന്ദ്രവുമായി ഫോൺ മുഖേനയോ, നേരിട്ടോ പേരുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഫോൺ നം .0471-2440911. മത്സരങ്ങളിൽ പങ്കെടുക്കാൻ വരുന്നവർ സ്കൂൾ ഐഡന്റിറ്റി കാർഡ്, പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രം എന്നിവ നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.

2. വെള്ളാനിക്കര കാർഷിക സർവ്വകലാശാലയിലെ ഫലവർഗ്ഗ വിഭാഗത്തിന്റെ കീഴിൽ, ആഞ്ഞിലി ചക്കയുടെ (അയനി ചക്ക) ഗുണമേന്മയും വ്യാവസായിക അടിസ്ഥാനത്തിലുള്ള സാധ്യതകളെയും കുറിച്ചുള്ള ഒരു പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നു. കർഷകരുടെ പുരയിടങ്ങളിൽ ഇപ്പോൾ സ്ഥിതി ചെയ്യുന്ന ആഞ്ഞിലി (അയനി) മരങ്ങളുടെ ചക്കയുടെ ഗുണമേന്മ സംബന്ധിച്ചിട്ടുള്ള പഠനമാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്. അത്തരം ആഞ്ഞിലി മരങ്ങൾ വളർത്തുന്ന കർഷകർ **9995155346** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. പുതുപ്പള്ളിയിലുള്ള ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം ആർ ആർ ഐ ഐ - സിയറ്റ് പ്രൊജക്റ്റിൽ 'ജൂനിയർ റിസർച്ച്ഫെല്ലോ' യെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നു. അപേക്ഷകർ ബോട്ടണി/അഗ്രിക്കൾച്ചർ അല്ലെങ്കിൽ ഏതെങ്കിലും സസ്യശാസ്ത്രത്തിൽ ഫസ്റ്റ്ക്ലാസ് മാർക്കോടെ ബിരുദാനന്തരബിരുദം ഉള്ളവരും 2026 ഏപ്രിൽ 30ന് മുപ്പത് വയസ്സ് കവിയാത്തവരും ആയിരിക്കണം. താൽപര്യമുള്ളവർ സ്വന്തം ബയോഡാറ്റ സഹിതം അസിസ്റ്റൻറ് സെക്രട്ടറി, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം, റബ്ബർബോർഡ് പി.ഒ., കോട്ടയം-686009 എന്ന വിലാസത്തിൽ 2026 മെയ് 18ന് മുമ്പ് ലഭിക്കത്തക്കവിധം അപേക്ഷകൾ അയക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0481 2353311 എക്സ്റ്റൻഷൻ 259 എന്ന ഫോൺ നമ്പറിൽ വിളിക്കുകയോ റബ്ബർ ബോർഡ് വെബ് സൈറ്റ് (www.rubberboard.gov.in) സന്ദർശിക്കുകയോ ചെയ്യുക.

## പരിശീലന പരിപാടി

4. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന **"രോഗകീട നിയന്ത്രണം ജൈവ ജീവാണു**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**മാർഗങ്ങളിലൂടെ"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ കോഴ്സിന്റെ പുതിയ ബാച്ച് **2026 ജൂൺ** 3 ന് ആരംഭിക്കുന്നു. ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് https://celkau.in എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. ജൂൺ 13 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റും നൽകുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് **ജൂൺ** 3 മുതൽ യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ : 0487-2438566

## കാർഷിക നിർദേശം

കുരുമുളക് തോട്ടങ്ങളിൽ ദ്രുതവാട്ടത്തിനെതിരെ മുൻകരുതലുകൾ എടുക്കണം. കുരുമുളകിന്റെ താങ്ങുമരങ്ങളുടെ ചില്ലകൾ വെട്ടിമാറ്റി

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തോട്ടത്തിൽ സൂര്യപ്രകാശം ലഭിക്കത്തക്ക വിധമാക്കണം. കൂടാതെ മണ്ണിൽ പടർന്നു കിടക്കുന്ന കുരുമുളക് വള്ളികൾ കൊമ്പു നാട്ടി കെട്ടി വെക്കണം. ദ്രുതവാട്ടം വന്ന് ഉണങ്ങിയതും കേടുവന്നതുമായ വള്ളികൾ മുറിച്ചു മാറ്റി തീയിട്ടു നശിപ്പിക്കണം. ദ്രുത വാട്ടത്തിനെതിരെ ട്രൈക്കോഡെർമ്മ എന്ന കുമിളിന്റെ കൾച്ചർ ഉപയോഗിക്കുന്നത് ഫലപ്രദമായിരിക്കും. ഒരു കിലോഗ്രാം ട്രൈക്കോഡെർമ്മ, 10 കിലോഗ്രാം വേപ്പിൻപിണ്ണാക്ക്, 90 കിലോഗ്രാം ഉണക്കിപ്പൊടിച്ച ചാണകം എന്നിവ ചേർത്ത് തണലുള്ളതും വെള്ളം കയറാത്തതുമായ സ്ഥലത്ത് കൂട്ടിക്കലർത്തി രണ്ടാഴ്ചയിടുക. ഇടയ്ക്ക് ഇളക്കി കൊടുക്കുകയും, ചെറിയ ഈർപ്പം നിലനിർത്താനായി വെള്ളം തളിക്കുകയും വേണം. അതിന് ശേഷം ഈ മിശ്രിതം ചെടിയുടെ ചുവട്ടിൽ ചേർത്ത് കൊടുത്താൽ ദ്രുതവാട്ടരോഗം വരാതിരിക്കുന്നതിന് ഒരു പരിധി വരെ സഹായിക്കും. ഇതു കൂടാതെ ഒരു കിലോ സ്യൂഡോമോണാസ് 20 കിലോ ചാണകപ്പൊടിയുമായി കൂട്ടിക്കലർത്തി ഇട്ടുകൊടുക്കുന്നതും രോഗം നിയന്ത്രിക്കാൻ സഹായിക്കും.